06-05-2022

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor : Sunilkumar R Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-06/05/2022.

1. തിരുവനന്തപുരം കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഉത്പാദിപ്പിച്ച നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യുകൾച്ചർ വാഴതൈകൾ തൈ ഒന്നിന് 20 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2413739** എന്ന ഫോൺ നമ്പരിലോ, bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക

2. കേരള പൗൾട്രി വികസന കോർപ്പറേഷന്റെ ചിക്കൻ ഓൺലൈൻ പ്ലാറ്റ്ഫോമായ സ്വിഗ്ഗിയുമായി ചേർന്ന് ഹോംഡെലിവറി ആയി ഉപഭോക്താക്കളിലേക്ക് എത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണെന്ന് കെപ്കോ മാനേജിംഗ് ഡയറക്ടർ അറിയിക്കുന്നു.

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ തെങ്ങ്, മാവ്, പ്ലാവ്, കശുമാവ്, പുളി എന്നീ ഫലവൃക്ഷങ്ങളിൽ നിന്നും 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ഒരു വർഷ കാലയളവിൽ ആദായം എടുക്കുന്നതിനുള്ള അവകാശം ഈ മാസം 12-ന് (മേയ് 12) പകൽ 12 മണിക്ക് ഈ ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു. 1000 രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2732962** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. നാളികേര വികസന ബോർഡിന്റെ നേര്യമംഗലം വിത്തുൽപാദന പ്രദർശന തോട്ടത്തിൽ അടുത്ത നടീൽ സീസണിലേയ്ക്ക് ആവശ്യമായ **നെടിയ, കുറിയ (ചാവക്കാട് പച്ച, ചാവക്കാട് ഓറഞ്ച്)** ഇനങ്ങളുടെ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. നെടിയ ഇനം തൈകൾ 100 രൂപ നിരക്കിലും കുറിയ ഇനങ്ങൾ 110 രൂപ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കൃഷിക്കാരും ബന്ധപ്പെട്ട കൃഷി ഓഫീസർമാരും ഫാമിലെത്തി തൈകൾ നേരിട്ട് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0485 2554240** എന്ന ഫോണിൽ ബന്ധപ്പെടുകയോ f-neriamangalam@coconutboard.gov.in എന്ന വൈബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479 – 2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. വിതുര ജഴ്സി ഫാമിൽ സങ്കര നേപ്പിയർ, സൂപ്പർ നേപ്പിയർ എന്നീ പുല്ലിനങ്ങളുടെ നടീൽ വസ്തുക്കൾ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 6238450852 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**7. ഇടുക്കിയിൽ നിന്നും ഇനി പഴുത്ത തൊലികളഞ്ഞ ചക്ക യു.കെയിലേക്ക്**

അഗ്രിക്കൾച്ചറൽ ആൻഡ് പ്രൊസസ്ഡ് ഫുഡ് പ്രൊഡക്ട്സ് ഡെവലപ്പ്മെന്റ് അതോറിറ്റിയും (APEDA) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും ചേർന്ന് നടത്തുന്ന ഇടുക്കിയിൽ നിന്നും യു.കെ യിലേക്ക് ചക്കപ്പഴം കയറ്റുമതിയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവഹിച്ചു (2022 ഏപ്രിൽ 29-ന്). കേരളത്തിന്റെ തനതുപഴമായ ചക്ക ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് എത്തിക്കുന്ന ശ്രമത്തിന്റെ ആദ്യഘട്ടമായാണ് APEDA ഫ്ളാഗ് ഓഫ് ചടങ്ങ് സംഘടിപ്പിച്ചത്. ഏറ്റവും അണുവിമുക്തമായ അന്തരീക്ഷത്തിൽ വൃത്തിയായി തൊലി കളഞ്ഞ ചക്ക ചുളകളാക്കി ഇറക്കുമതി രാജ്യത്തിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി വായു കടക്കാത്ത പായ്ക്കറ്റുകളാക്കിയാണ് കയറ്റുമതി ചെയ്യുന്നത്. ചക്ക ലഭ്യത ഉറപ്പാക്കുന്നത് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷനാണ്. ഉഷ്ണമേഖലാ പഴമായ ചക്കയിൽ അന്നജം, പ്രോട്ടീനുകൾ, ധാതുലവണങ്ങൾ, വൈറ്റമിനുകൾ, ഫൈറ്റോക്കെമിക്കലുകൾ എന്നിവ സമൃദ്ധമായി ഉണ്ട്. ചക്കചുളയും കുരുവും, ജ്യൂസ്, ജാം, ജെല്ലി, ഐസ്ക്രീം എന്നിവ ഉണ്ടാക്കാനും ഉപയോഗിക്കാവുന്നതാണ്.

8. സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ റഫറൽ ഡയഗ്നോസ്റ്റിക് ലബോറട്ടറിയായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ പേവിഷബാധ പ്രതിരോധശേഷിയും പേവിഷബാധാ നിർണ്ണയവും നടത്തുന്നതിനുള്ള നൂതനസംവിധാനങ്ങൾ 2022 മേയ് 4-ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഉദ്ഘാടനം ചെയ്തു. താഴേത്തട്ടിലേയ്ക്ക് രോഗനിർണ്ണയ സംവിധാനം വ്യാപിപ്പിക്കുന്ന മിനി പി.സി.ആർ സംവിധാനം, പേവിഷബാധാ പ്രതിരോധശേഷി അറിയുന്ന സംവിധാനമായ റിഫ്റ്റ് ടെസ്റ്റ് എന്നിവയുടെ ഉദ്ഘാടനത്തോടൊപ്പം ആന്റീബയോട്ടിക്ക് ദുരുപയോഗം തടയുന്നതിന്

ലക്ഷ്യമിട്ടുകൊണ്ടുള്ള എ.എം.ആർ പോസ്റ്റർ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. നവീകരിച്ച പരിശീലന ഹാൾ, ലൈബ്രറി കം ബോർഡ് റൂം എന്നിവയുടെ ഉദ്ഘാടനവും തദവസരത്തിൽ നടന്നു. നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷൈലജ രാജീവൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോമളം ജി, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. എ. കൗശിഗൻ ഐ.എ.എസ്, ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ, ഡോ. മിനി ജോസ് എന്നിവർ സന്നിഹിതരായിരുന്നു. ജില്ലാ പഞ്ചായത്തംഗം സോഫി തോമസ്, നന്ദിയോട് ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ബാജിലാൽ എന്നിവർ ആശംസകൾ രേഖപ്പെടുത്തി.

## പരിശീലന പരിപാടികൾ

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളിൽ മെയ് 09 മുതൽ 13 വരെ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **12-ന് പോത്ത് വളർത്തൽ, 18,19 തീയതികളിൽ ഓമനപ്പക്ഷി പരിപാലനം, 23,24 തീയതികളിൽ മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം